പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം,ജഗതി
തിരുവനന്തപുരം-14
Email:jdacad@gmail.com
Ph:04712580738

നം.ഹസെവി/7098/2025-എസിഡി. എസ് പി എൽ3 തീയതി:15-05-2025

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസവകുപ്പ്- ഹയർ സെക്കണ്ടറി വിഭാഗം - രണ്ടാം വർഷ സ്കൂൾ മാറ്റം, രണ്ടാം പുനഃപ്രവേശനം - സംബന്ധിച്ച്.

സൂചന:- 1. 11/05/2009 തീയതിയിലെ സ.ഉ.(സാധാ.) നം.1826/2009/പൊ.വി.വ.

2. 12/12/2012 തീയതിയിലെ സ.ഉ.(സാധാ.) നം.5947/2012/പൊ.വി.വ.

3. 22.12.2015 ലെ സ.ഉ.(സാധാ.) നം.314/2015/പൊ.വി.വ.

4. 25/05/2023 തീയതിയിലെ പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് നം.ജി1 /141/2023/പൊ.വി.വ. നമ്പർ കത്ത്.

സൂചന (1) ലെ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തലത്തിലെ സ്കൂൾ മാറ്റം, പുനഃപ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 2009-2010 അധ്യയന വർഷം മുതൽ വ്യക്തമായ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഒന്നാം വർഷം സ്റ്റേറ്റ് സിലബസിൽ ഗവ./എയിഡഡ്/അൺ എയിഡഡ് സ്കൂളുകളിൽ പഠിച്ച് ഒന്നാം വർഷ പരീക്ഷ എഴുതിയ കുട്ടികളുടെ സബ്ജക്ട് കോമ്പിനേഷനിലും രണ്ടാം ഭാഷയിലും മാറ്റം ഇല്ലാതെയുള്ള സ്കൂൾ മാറ്റ അപേക്ഷകൾ പരിഗണിച്ച് സീറ്റുകൾ ഒഴിവുണ്ടെങ്കിൽ പ്രവേശനം നൽകുന്നതിനുള്ള അധികാരം അതാതു ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും. ഗവ/എയിഡഡ്/അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരസ്പരം സ്കൂൾ മാറ്റം അനുവദനീയമാണ്. രണ്ടാം വർഷത്തേക്കുള്ള സ്കൂൾമാറ്റ അപേക്ഷകൾ പരിഗണിക്കുമ്പോൾ,

ഏകജാലക പ്രവേശന സംവിധാനം മുഖേന പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കു പ്രഥമ പരിഗണന നൽകുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. പ്രിൻസിപ്പലിന് സ്കൂൾ മാറ്റം അനുവദിക്കാവുന്ന വിഭാഗത്തിലെ വിദ്യാർത്ഥികൾ ജൂൺ 15 നുള്ളിൽ അപേക്ഷകൾ അതാത് സ്കൂളുകളിൽ നൽകേണ്ടതും പ്രിൻസിപ്പൽമാർ അവ പരിഗണിച്ച് അർഹതയുള്ളവർക്ക് വേക്കൻസികളുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകേണ്ടതുമാണ്. അതിന് ശേഷം മാത്രമേ മറ്റ് വിഭാഗങ്ങൾക്ക് വേക്കൻസി റിപ്പോർട്ട് നൽകേണ്ടതുള്ളൂ. ഒരു വേക്കൻസിക്ക് ഒരു അപേക്ഷകന് മാത്രമേ വേക്കൻസി റിപ്പോർട്ട് നൽകാവൂ എന്ന കാര്യം പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.

സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം മറ്റു സംസ്ഥാനം/രാജ്യം/സി.ബി.എസ്.ഇ തുടങ്ങിയ പാഠ്യപദ്ധതികളിൽ പഠനം പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾക്കു കേരള ഹയർ സെക്കണ്ടറിയിൽ രണ്ടാം വർഷ പ്രവേശനം അനുവദിയ്ക്കുവാൻ സൂചന (4) കത്ത് മുഖേന നിർദ്ദേശം നൽകിട്ടുള്ളതാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് രണ്ടാം വർഷത്തേക്ക് ഒഴിവുള്ള ഹയർ സെക്കണ്ടറി സീറ്റുകളിൽ ലാറ്ററൽ എൻട്രി മുഖേന പ്രവേശനം നൽകുന്ന കാര്യത്തിൽ സബ്ജക്ട് കോമ്പിനേഷനിൽ മാറ്റമില്ലെങ്കിൽ അനുമതി നൽകുവാനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ രണ്ടാം വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ (റഗുലർ സ്ക്രീമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി) ഡയറക്ടറേറ്റ് 2026 മാർച്ച് മാസത്തിലെ പൊതുപരീക്ഷയോടൊപ്പം നടത്തുന്ന ഇംപ്രൂവ്മെന്റ്/സപ്ലിമെൻ്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും പരീക്ഷ എഴുതണം. ഈ സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും അവരുടെ അന്തിമഫലം നിർണ്ണയിക്കുക. ഇവർ ഒന്നാം വർഷ വിദ്യാർത്ഥികൾക്കു നിർദ്ദേശിച്ചിട്ടുള്ള തരത്തിലുള്ള തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകണം. 2025 ജൂൺ 25 നുള്ളിൽ ലഭ്യമായ അപേക്ഷകൾ മാത്രമാണ് ഇപ്രകാരമുള്ള പ്രവേശനത്തിന് പരിഗണിക്കുക.

ഹയർ സെക്കണ്ടറി ഒന്നാം വർഷം പൂർത്തിയാക്കുകയും രണ്ടാം വർഷം പഠനം മുടങ്ങുകയും ചെയ്ത വിദ്യാർത്ഥികൾക്ക് രണ്ടാം വർഷം തുടർന്ന് പഠിക്കണമെന്നുണ്ടെങ്കിൽ രണ്ടാം വർഷത്തേക്ക് പുനഃപ്രവേശനം നേടാം. ഒന്നാം വർഷ പരീക്ഷയെഴുതാത്തവർ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയോടൊപ്പം ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പടെയുള്ള വിഷയങ്ങൾക്ക് പരീക്ഷ എഴുതേണ്ടതും തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതുമാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ ലഭ്യതയ്ക്ക് വിധേയമായി രണ്ടാം വർഷത്തേയ്ക്ക് പുനഃപ്രവേശനം അനുവദിക്കുന്നതിനുള്ള അധികാരം ഹയർ സെക്കണ്ടറി റീജിണൽ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും. **2025** ജൂൺ **25** നുള്ളിൽ അപേക്ഷിക്കുന്നവരെ മാത്രമേ പുനഃപ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

സൂചന **2, 3** ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖേന റഗുലർ/ പ്രൈവറ്റ് സ്ക്രീമിൽ ഒന്നാം വർഷ ഹയർ സെക്കണ്ടറി കോഴ്സ് പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ റഗുലർ ഹയർ സെക്കണ്ടറി സ്കൂളിലേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവേശനം അനുവദിക്കാവുന്നതാണ്.

**1)** പ്രവേശനം തേടുന്ന റഗുലർ സ്കൂളിൽ രണ്ടാം വർഷ ഹയർ സെക്കണ്ടി സീറ്റുകൾ ഒഴിവുണ്ടായിരിക്കണം.

**2)** സ്കൂൾ മാറ്റത്തിന് ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ ടി അപേക്ഷകരിൽ റഗുലർ വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകേണ്ടത്.

**3)** രണ്ടാം വർഷത്തേക്കുള്ള ഓപ്പൺ സ്കൂൾ അപേക്ഷകന് പ്ലസ് വൺ കേഴ്സ് പ്രവേശനത്തിനു നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധി കവിയാൻ പാടില്ലാത്തതാകുന്നു.

**4)** അപേക്ഷകർ ഓപ്പൺ സ്കൂളിൽ പഠിച്ചിരുന്ന അതേ സബ്ജക്ട് കോമ്പിനേഷനോടുകൂടിയുള്ള (രണ്ടാം ഭാഷ ഉൾപ്പെടെ) സ്കൂളിലേക്കാണ്

പ്രവേശനം തേടേണ്ടത്. പ്രവേശനം തേടാനുദ്ദേശിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിന്റെ വ്യക്തമായ വേക്കൻസി റിപ്പോർട്ട് സമ്മതപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5) പ്രവേശനം നേടിയ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ പി.ടി.എ ഫണ്ടിനു പുറമേ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾക്കുള്ള സ്പെഷ്യൽ ഫീ കൂടി നൽകേണ്ടതാണ്.

6) ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ സ്കൂൾമാറ്റ അപേക്ഷകൾ പരിഗണിച്ച് അർഹരായവർക്ക് മാറ്റം അനുവദിച്ചു ഉത്തരവ് നൽകേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും. 2025 ജൂൺ 25 നുള്ളിൽ ലഭ്യമായ അപേക്ഷകൾ മാത്രമാണ് ഇപ്രകാരമുള്ള പ്രവേശനത്തിന് പരിഗണിക്കുക.

7) സ്കൂൾ മാറ്റത്തിനുള്ള അപേക്ഷക്കു നൽകുമ്പോൾ സ്വന്തം അപേക്ഷയോടൊപ്പം അപേക്ഷകൻ പ്ലസ് വൺ കോഴ്സിനു പഠിച്ചിരുന്ന സബ്ജക്ട് കോമ്പിനേഷൻ വ്യക്തമാക്കുന്ന ഓപ്പൺ സ്കൂൾ ഡയറക്ടറുടെ എൻ.ഒ.സി (നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) പ്രവേശനം നേടാനുദ്ദേശിക്കുന്ന സ്കൂൾ പ്രിൻസിപ്പലിന്റെ വേക്കൻസി റിപ്പോർട്ട്, സമ്മതപത്രം എന്നിവ സമർപ്പിക്കേണ്ടതും പ്രവേശന സമയത്ത് ഓപ്പൺ സ്കൂളിൽ നിന്നുള്ള ടി.സി ഹാജരാക്കേണ്ടതുമാണ്.

രണ്ടാം വർഷ ക്ലാസ് ആരംഭിച്ച ശേഷം 30 (മുപ്പത്) ദിവസങ്ങൾക്കകം എല്ലാ വിഭാഗങ്ങളിലെയും സ്കൂൾ മാറ്റ/പുനഃപ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

Signed by
Shanavas S
Date: 15-05-2025 16:08:18
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് -

1). ജോയിന്റ് ഡയറക്ടർ ,പരീക്ഷ വിഭാഗം ( സി.എ മുഖാന്തിരം)

2). എല്ലാ ഹയർ സെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

3). എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും

4). വെബ് സൈറ്റ്